ഞാൻ ഒറീസ്സയിൽ സഞ്ചരിച്ചപ്പോൾ- കുറേ വർഷങ്ങൾക്കു മുൻപാണത് ഖനനം അപ്പോൾ തുടങ്ങുന്നതേ ഉണ്ടായിരുന്നു ള്ളു. ഒരൊറ്റ മാവോവാദികളുമുണ്ടായിരുന്നില്ല. ജനങ്ങളോടു ഞാൻ സംസാരിച്ചു. പലർക്കും മാവോവാദത്തോട് വെറുപ്പായി രുന്നു. കാരണം മാവോവാദമുണ്ടായാൽ അടിച്ചമർത്തലും ഉണ്ടാകുമെന്ന് അവർക്കറിയാമായിരുന്നു. പക്ഷേ, എല്ലാ പത്രങ്ങളിലും അവർ 'മാവോയിസ്റ്റസ്റ്റ്, മാവോയിസം എന്നു മാത്രം അവർ ഉപയോഗിച്ചുകൊണ്ടേയിരുന്നു. അടിച്ചമർത്തൽ തുടങ്ങാൻ വേണ്ടി എല്ലാവരേയും മാവോവാദികളാക്കേണ്ടത് അവരുടെ ആവശ്യമായിരുന്നു.

# മദ്ധ്യവർഗ്ഗം, അമിതാഭ്ബച്ചൻ, മാവോയിസം

അരുന്ധതിറോയ് / ജി. സമ്പത്ത്

*താങ്കളുടെ പുസ്തകത്തിൽ വംശഹത്യയും പുരോഗതിയും തമ്മിലുള്ള ജൈവബന്ധത്തെപ്പറ്റി പറയുന്നുണ്ട്. ഹിംസ ഒഴിവാക്കിക്കൊണ്ടുള്ള പുരോഗതിയെക്കുറിച്ച് ചിന്തിക്കാനാകുമോ?*

ഇന്ന് 'പുരോഗതി' കൊണ്ട അർത്ഥമാക്കുന്നത് മുഴുവൻ പടിഞ്ഞാറൻ കാഴ്ചപ്പാടുകളെയാണ്.- പരിപൂർണ്ണമായും വ്യവസായവൽക്രിക്കപ്പെട്ട സമൂഹത്തെയും. എന്നാലിപ്പോൾ , "കാലാവസ്ഥാമാറ്റത്തോടെ മറ്റൊരതരം പുരോഗതിയെക്കുറിച്ചും വിഭാവനം ചെയ്യേണ്ടിവന്നിരിക്കുന്നു. ഉപഭോഗത്തെക്കുറിച്ച് തീർത്തും വ്യത്യസ്തമായ ഒരു തലത്തിലേക്കു മടങ്ങിപ്പോയി നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ ഒരു ചിന്താഗതിയെന്താണെന്നുവച്ചാൽ നിങ്ങൾ കൺസ്യൂം ചെയ്തില്ലെങ്കിൽ ഇക്കോണമി തകർന്നു പോകുമെന്നാണ്. എന്നാൽ നിങ്ങൾ ഇപ്പോഴത്തെ നിരക്കിൽത്തന്നെ ഉപഭോഗം തുടർന്നാൽ തകരുന്നത് അപ്പോൾ ഇക്കോളജിയാണ്. അതുകൊണ്ട് വ്യത്യസ്തമായി ചിന്തിക്കാൻ പറ്റിയ അവസരമാണിത്. പക്ഷേ മനുഷ്യവംശത്തിന് അതു സാദ്ധ്യമാണോ എന്നാണ് സംശയം.

*മദ്ധ്യവർഗ്ഗങ്ങൾ മിക്കവാറും പുരോഗമന വാദികളായിരുന്നുവല്ലോ? ഉദാഹരണത്തിന് സ്വാതന്ത്ര്യ സമരം തന്നെ? ഇന്നത്തെ മദ്ധ്യവർഗ്ഗങ്ങളും അതേ നിലപാട് തുടരുന്നുണ്ടോ?*

മദ്ധ്യവർഗ്ഗങ്ങളുടെ സ്വാതന്ത്ര്യ സമരത്തിലെ നിലപാട് ചിന്താർഹമാണ്. മദ്ധ്യവർഗ്ഗങ്ങൾക്കും വ്യവസായികൾക്കും ഒരു പാടുകാര്യങ്ങൾ ബ്രിട്ടീഷുകാരിൽ നിന്നും കരസ്ഥമാക്കാനുണ്ടായിരുന്നു. അങ്ങനെയൊന്നുമുണ്ടായിരുന്നില്ലെന്ന് ഇനിയാരെങ്കിലും പറഞ്ഞാലും ഞാനത് ശ്രദ്ധിയ്ക്കാൻ പോകുന്നില്ല. ബ്രിട്ടീഷുകാരിൽനിന്നും സ്വാതന്ത്ര്യം നേടിയെടുക്കുക എന്നത് പ്രധാനപ്പെട്ട ഘട്ടമായിരുന്നു. പക്ഷേ, അതവിടെ അവസാനിച്ചു. കാശ്മീർ പ്രശ്നം മുതൽ അത് നേരെ വിപരീതദിശയിൽ നീങ്ങുന്നതായാണ് നമുക്കു കാണാനാകുന്നത്. ജനസഹസ്രങ്ങളുടെ അഭിലാഷങ്ങളെ മുഴുവൻ അവഗണിച്ചുകൊണ്ടായിരുന്നു ഇത്.

ഇന്ന് മദ്ധ്യവർഗ്ഗങ്ങൾക്കു നേരെയുള്ള ആരോപണപ്രചരണങ്ങൾ ശ്രദ്ധിക്കുയാണെങ്കിൽ അപൂർവ്വം ചിലർ ഈ രംഗത്തുണ്ടെന്നു കാണാം. പക്ഷേ ഇവിടെ ജീർണ്ണതയാണനുഭവപ്പെടുന്നത്. അവനധിപേർ പുതുതായി ഈ മദ്ധ്യവർഗ്ഗത്തിലേക്കു കടന്നു വരുന്നതാണിതിനു കാരണം. ഇതെല്ലാം അവർക്കു പുതിയതാണ്. പലകാര്യങ്ങളേയും ചോദ്യം ചെയ്യാൻ അവർക്കു ബുദ്ധിമുട്ടാണ്. ദൗർഭാഗ്യവശാൽ തെറ്റായ സമയത്തുമാണ്

അവർ അവിടെ എത്തിച്ചേർന്നത്. വ്യക്തമായ ദർശനവും അതിനുള്ള ധൃതിയും ഊ സന്ദർഭത്തിൽ പ്രദർശിപ്പിച്ചില്ലെങ്കിൽ നമ്മളൊക്കെ ഏറെ ഗുരുതരമായ പ്രശ്നത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. കാരണം, രാജ്യത്തെ എല്ലാ സ്ഥാപനങ്ങളും ദരിദ്രരെ ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ് എന്നതുതന്നെ.

*ഇതിനൊരു ഉദാഹരണം പറയാമോ?*

ഇപ്പോൾ ബോംബെയിലായതുകൊണ്ട് അമിതാഭ് ബച്ചനെപ്പോലൊരാളെ ശ്രദ്ധിക്കുന്നത് സന്തോഷകരമാണ്. എങ്ങനെയാണദ്ദേഹം ജനഹൃദയങ്ങളിൽ സ്ഥാനം കണ്ടെത്തിയത്? പല ആദ്യകാല ചിത്രങ്ങളിലും ദരിദ്രനായി ചോരികളിൽ വളർന്ന കഥാപാത്രമാണദ്ദേഹം. "കൂലി" പോലെയുള്ള ചിത്രങ്ങൾ നോക്കൂ. മുസ്ലീം കഥാപാത്രം കൂലിക്കാരൻ , തൊഴിലാളി നേതാവ്, അഴിമിതിക്കാരനായ ത്രിശൂലമേന്തിയ മന്ത്രിയോട് അരിവാളും ചുറ്റികയുമേന്തിക്കൊണ്ടുള്ള ഉശിരൻ പോരാട്ടമുണ്ടതിൽ. അവിടം മുതൽ ഇപ്പോഴുള്ള ചിത്രങ്ങൾവരെ മാളികകളിൽ ജീവിക്കുന്ന് ഹെലികോപ്റ്ററിൽ യാത്ര ചെയ്യുന്ന കഥാപാത്രങ്ങളാണ് അദ്ദേഹത്തിന്റേത്. ആ ചിത്രങ്ങളൊക്കെയും നഗരങ്ങളിലെ മൾട്ടിപ്ലെക്സ് സിനിമാ ഹാളുകളിലാണ് പ്രദർശിപ്പിക്കപ്പെടുന്നത്. ഈ രാജ്യത്തെ ദരിദ്രജനവിഭാഗങ്ങളിൽനിന്നും ബോളിവുഡ് പോലും പിൻവാങ്ങിക്കഴിഞ്ഞു. സനിമകളും സിനിമാഹാളുകളിലാണ് പ്രദർശിപ്പിക്കപ്പെടുന്നത്. ഈ രാജ്യത്തെ ദരിദ്രജനവിഭാഗങ്ങളിൽനിന്നും ബോളിവുഡ് പോലും പിൻവാങ്ങിക്കവിഞ്ഞു. സിനിമകളും സിനിമാഹാളുകളും അതനുസരിച്ച് മാറിക്കഴിഞ്ഞു. പണ്ടു നേടിയ സമ്പാദ്യങ്ങളുടെ ബാങ്കു നിക്ഷേപത്തിന്റെ ബലത്തിലാണ് ഇന്നും അമിതാഭ് ആദരിക്കപ്പെടുന്നത്. എന്നെ സംബന്ധിച്ചിടത്തോളം നിരാശാജനകമായ ഒരു വൻ ദുരന്തമാണിത്.

*മാവോവാദി നേതാവ് ഖൊബാസ് ഗണ്ടിയുടെ അറസ്റ്റ് – അതിനുമുമ്പ് ബിനായക് സെന്നിന്റെ അറസ്റ്റും വിടുതലും – നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൻ ഹിംസ ഉപയോഗിക്കാമോ എന്ന പഴയ തർക്കത്തെ പുനരുജ്ജീവിപ്പിച്ചിരിക്കുകയാണ്. അത് ജനാധിപത്യത്തിൽ അനുവദനീയമല്ലെന്നാണ് പലരുടേയും നിലപാട് ഇതേക്കുറിച്ച് താങ്കളെന്തു പറയുന്നു?*

ഉത്തരം: സ്വതന്ത്ര ഇന്ത്യയിലെ ശ്രദ്ധേയമായ അഹിംസാ സമര പരിപാടിയായിരുന്നു നർമ്മദാ പ്രസ്ഥആനം. അതിനെ പരിപൂർണ്ണമായും നാണം കെടുത്തി അവഗണിച്ചു കഴിഞ്ഞു. ഇതേ നർമ്മദാ താഴ്വരയിലായാലും ചോരപ്പുഴയൊഴുകുന്ന കാശ്മീരിലായാലും സഞ്ചരിക്കുമ്പോൾ ഹംസ്/ അഹിംസ, ജനാധിപത്യ/ നിർജനാധിപത്യ ഭേദമേന്യേ എല്ലാ പ്രസ്ഥആനങ്ങളും തരിപ്പണമാക്കപ്പെട്ടതായി കാണാം. ഇത്തരമൊരു സാഹചര്യമാണ് ഇപ്പോൾ ഉടലെടുത്തിരുക്കുന്നത് ലാൽഗഢിൽ എന്തു സംഭവിച്ചുവെന്നു നോക്കൂ. അവർ ചത്രോദാർ മഹതോയെ അറസ്റ്റുചെയ്തു. അയാൾ ഒരു തരത്തിലും മാവോയിസ്റ്റല്ലാത്ത ഒരു പ്രസ്ഥാനത്തിന്റെ മേതാവാണ്. എനനാൽ കടുത്ത മാവോ വാദിയായിട്ടാണയാൾ മുദ്രകുത്തപ്പെട്ടത്. ഞാൻ ഒറീസ്സയിൽ സഞ്ചരിച്ചപ്പോൾ– കുറേ വർഷങ്ങൾക്കു മുൻപാണത് ഖനനം അപ്പോൾ തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളു. ഒരൊറ്റ മാവോവാദികളുമുണ്ടായിരുന്നില്ല. ജനങ്ങളോടു ഞാൻ സംസാരിച്ചു. പലർക്കും മാവോവാദത്തോട് വെറുപ്പായിരുന്നു. കാരണം മാവോവാദമുണ്ടായാൽ അടിച്ചമർത്തലും ഉണ്ടാകുമെന്ന് അവർക്കറിയാമായിരുന്നു. പക്ഷേ, എല്ലാ പത്രങ്ങളിലും അവർ 'മാവോയിസ്റ്റസ്റ്റ്, മാവോയിസം എന്നു മാത്രം അവർ ഉപയോഗിച്ചുകൊണ്ടേയിരുന്നു. അടിച്ചമർത്തൽ തുടങ്ങാൻ വേണ്ടി എല്ലാവരേയും മാവോവാദികളാക്കേണ്ടത് അവരുടെ ആവശ്യമായിരുന്നു.

ഹിംസാ അഹിംസാവാദം ഒരുപാട് പഴയതാണ്. ശുദ്ധമായ തത്വങ്ങളിലൂന്നിയുള്ള കേവലമായ തർക്കങ്ങൾക്ക് ഇവിടെ സാദ്ധ്യതയില്ല. കാരണം എന്താണ് ശുദ്ധവും അനുപമവുമെന്ന അടുത്ത തർക്കത്തിനത് വഴിവെയ്ക്കും. ഇന്ത്യയിൽത്തന്നെ സ്വാതന്ത്ര്യപ്രസ്ഥാനത്തിലെ അഹിംസാവാദം ഉദാഹരണമായെടുത്താൽ ഏതുതരം സാഹചര്യത്തിലാണ് അതു സംഭവിച്ചതെന്ന് പരിശോധിക്കേണ്ടിവരും. യുദ്ധം കാരണം ബ്രിട്ടൺ വളരെയധികം പരിക്ഷീണരായിരുന്നു. ഇവിടെ നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ കഴിയാതെ അവർക്ക് ഇന്ത്യയ വിടേണ്ടിയിരുന്നു.

ഹിംസാ അഹിംസാവാദം ഒരുപാട് പഴയതാണ്. ശുദ്ധമായ തത്വങ്ങളിലുന്നിയുള്ള കേവലമായ തർക്കങ്ങൾക്ക് ഇവിടെ സാദ്ധ്യതയില്ല. കാരണം എന്താണ് ശുദ്ധവും അനുപമവുമെന്ന അടുത്ത തർക്കത്തിനത് വഴിവെയ്ക്കും. ഇന്ത്യയിൽത്തന്നെ സ്വാതന്ത്ര്യപ്രസ്ഥാനത്തിലെ അഹിംസാവാദം ഉദാഹരണമായെടുത്താൽ ഏതുതരം സാഹചര്യത്തിലാണ് അതു സംഭവിച്ചതെന്ന് പരിശോധിക്കേണ്ടിവരും. യുദ്ധം കാരണം ബ്രിട്ടൺ വളരെയധികം പരിക്ഷീണരായിരുന്നു. ഇവിടെ നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ കഴിയാതെ അവർക്ക് ഇന്ത്യയ വിടേണ്ടിയിരുന്നു. അതേ സമയം, ജർമനിയിൽ ജൂതൻമാർ അഹിംസാ സത്യാഗ്രഹം നടത്തിയേക്കുമെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? തുർക്കിയിൽ അർമീനിയയോ പാലസ്തീനോ അതു തുടരുമോ? വളരെ സങ്കീർണ്ണമായ സംഗതിയാണ് ഇത്. നിങ്ങൾക്ക് എപ്പോഴും സാഹചര്യത്തെ വിശകലനം ചെയയേണ്ടതുണ്ട്. ഛത്തീസ്ഗഢിലെ ആദിവാസികൾ എന്തുതന്നെ ചെയ്താലും,ബോക്സൈറ്റിന്റേയും ഇരുമ്പയിരിന്റേയും കനത്ത നിക്ഷേപങ്ങൾ അവിയെയുണ്ടെന്നിരിക്കെ ലാഭത്തിൽ കൂടിക്കൂടിവരുന്ന പൂജ്യങ്ങളിലാണ് എല്ലാവർക്കും നോട്ടം. എത്രത്തോളം ലാഭം നേടാനിരിക്കുന്നുവോ അത്രത്തോളം സർക്കാർ ശക്തികളുടെ അടിച്ചമർത്തലും കൂടും. ഇതാണ് പ്രശ്നം.

പരിഭാഷ : ഈനാശു എ.

(അടുത്തലക്കത്തിൽ അവസാനിക്കും)